# വൈദ്യുതി പരാതി പരിഹാര ന്യായസഭ (വടക്കൻ മേഖല)

വൈദ്യുതി ഭവനം, ഗാന്ധിറോഡ്, കോഴിക്കോട് - 673011

(വൈദ്യുതി നിയമം 2003 ലെ സെക്ഷൻ 42(5) അനുസരിച്ച് രൂപം കൊണ്ടത് / സ്ഥാപിതമായത്.)

ടെലിഫോൺ നംബർ - 0495 2367820

ഇ മെയിൽ. cgrfkzd@kseb.in


## സാന്നിദ്ധ്യം

**സാജമ്മ .ജെ. പുന്നൂർ : ചെയർപേഴ്സൺ**

**ഫ്രാൻസിസ് . എ. സി : മെമ്പർ**

## ഓ.പി. നം.32/2024-25

പരാതിക്കാരൻ :

1. ശ്രീ. ജയൻ പാടശേരി, യൂണിവേഴ്സിറ്റി എഞ്ചിനീയർ, എൻഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്, യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി – പി.ഒ, മലപ്പുറം – 673 635.

എതിർകക്ഷികൾ :

1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, വടകര നോർത്ത്, കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്.
2. അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, വടകര സൌത്ത്, കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട് .

# ഉത്തരവ്

<u>പരാതി:</u>

പരാതിക്കാരൻ വടകര സൌത്ത് ഇലക്ട്രിക്കൽ സെക്ഷനിൽ **1166220010254** എന്ന കൺസ്യൂമർ നമ്പറിലെ ഉപഭോക്താവാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള B.Ed Degree Course നടത്തുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ വടകര, ആണ് പ്രസ്തുത പ്രിമിസസ്സിൽ പ്രവർത്തിക്കുന്നത്. ടി പ്രിമിസ്സസിൽ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള LTVI(A) താരീഫിലുള്ള വൈദ്യുതി നിരക്കാണ് ഈടാക്കി വന്നിരുന്നതെന്നും,എന്നാൽ ടി സ്ഥാപനത്തെ "സ്വാശ്രയ സ്ഥാപനങ്ങൾ " എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി LT VI F താരീഫിൽ **5,00,543/-** രൂപയുടെ ഒരു ഷോർട്ട് അസസ്സ്മെന്റ് ബിൽ നൽകിയിട്ടുണ്ടെന്നും, സർവ്വകലാശാല നേരിട്ട് നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ടി കുടിശിക തുക വൻ സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്നും, ആയതിനാൽ ടി കുടിശിക തുക ഒഴിവാക്കിത്തരണമെന്നും പരാതിക്കാരൻ പരാതിയിൽ അപേക്ഷിക്കുന്നു.

## <u>പരാതിക്കാരന്റെ വിശദീകരണം :-</u>

കോഴിക്കോട് വടകര സൌത്ത് ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ **116622010254** കൺസ്യൂമർ നമ്പറായുള്ള പരാതിക്കാരന്റെ സ്ഥാപനം, പിന്നോക്ക പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സൌകര്യം പ്രദാനം ചെയ്യുക എന്ന സാമൂഹിക പ്രതിബദ്ധതയോടു കൂടിയും, തികച്ചും ലാഭേച്ഛ ഇല്ലാതെയുമാണ് പ്രവർത്തിക്കുന്നത്.സർവ്വകലാശാല നേരിട്ട് നടത്തുന്ന ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകൾ സ്ഥാപിതമായതു മുതൽ നാളിതു വരെ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദനീയമായിട്ടുള്ള LTVI(A) താരീഫ്

അനുസരിച്ചുള്ള വൈദ്യുതി നിരക്കാണ് സർവ്വകലാശാലയിൽ നിന്നും കേരള വൈദ്യുതി ബോർഡ് ഈടാക്കിവരാറുള്ളത്. എന്നാൽ ഈ അടുത്ത കാലത്ത് സർവ്വകലാശാല നേരിട്ട് നടത്തുന്ന വടകര ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളെ " സ്വാശ്രയ സ്ഥാപനങ്ങൾ " എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുകയും തൽഫലമായി സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദനീയമായിട്ടുള്ള LTVI(A) താരീഫ് എന്നതിൽ നിന്നും LT VI F എന്ന താരീഫിൽ ഉൾപ്പെടുത്തി ഹ്രസ്വ മൂല്യനിർണ്ണയ ബിൽ പ്രകാരം 5,00,543/- രൂപ അടവാക്കണമെന്നും അല്ലാത്ത പക്ഷം വൈദ്യുതി ബന്ധം വിച്ഛേദിക്കുമെന്നും, കേരള വൈദ്യുതി ബോർഡ് നോട്ടീസിലൂടെ അറിയിക്കുകയുണ്ടായി.

ഓരോ വർഷവും കേരള ഉന്നത വിദ്യാഭ്യാസ വകുപ്പ് അനുശാസിക്കുന്ന വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് **100**%മെറിറ്റ് അടിസ്ഥാനത്തിൽ എല്ലാ സംവരണ തത്വങ്ങളും പാലിച്ചുകൊണ്ടും, സ്വാശ്രയ സ്ഥാപനങ്ങൾ ഈടാക്കുന്നതിൽ നിന്നും കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കിയും, തികച്ചും ലാഭേച്ഛ ഇല്ലാതെയുമാണ് ഈ കേന്ദ്രങ്ങളിലേക്കുള്ള വിദ്യാർത്ഥി പ്രവേശനം നടത്തിവരുന്നത്. ഇത്തരത്തിൽ ഓരോ വർഷവും നൂറുകണക്കിന് വിദ്യാർത്ഥികളാണ് സർവകലാശാല കേന്ദ്രങ്ങളിൽ പഠിച്ചു കൊണ്ടിരിക്കുന്നത്.

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് കേരള വൈദ്യുതി ബോർഡ് നിഷ്കർഷിച്ച കുടിശിക തുക വൻ സാമ്പത്തിക ബാധ്യത ഉണ്ടാക്കുകയും, സർവകലാശാലയുടെ പ്രവർത്തനത്തെ പ്രതികൂല രീതിയിൽ ബാധിക്കുകയും ചെയ്യുമെന്നതു കൊണ്ട്, കുടിശിക അടവാക്കുന്നതിൽ നിന്നും ടി സ്ഥാപനത്തെ ഒഴിവാക്കിത്തരണമെന്ന് പരാതിക്കാരൻ ആവശ്യപ്പെടുന്നത്.

കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ, വടകര പ്രിൻസിപ്പൽ **07/06/2024** തീയ്യതിയിൽ അയച്ച കത്തിൽ കെ എസ് ഇ ബി വടകര സെക്ഷനിൽ നിന്നും ലഭിച്ച **2024** മെയ് – ജൂൺ മാസങ്ങളിലെ വൈദ്യുതി ബില്ലിനോടൊപ്പമുള്ള കത്തിൽ ഷോർട്ട് അസസ്സ്മെന്റ് ബിൽ കുടിശികയിനത്തിലുള്ള തുകയായ **5,00,543/-** രൂപ ടി കത്ത് ലഭിച്ച് **14** ദിവസത്തിനകം അടവാക്കിയില്ലെങ്കിൽ ഇനിയൊരു മുന്നറിയിപ്പ് ഇല്ലാതെ വൈദ്യുതി വിഛേദനം നടത്തുന്നതാണെന്ന് പരാതിക്കാരനെ അറിയിച്ചിരിക്കുന്നതായി വിശദീകരണത്തിൽ പറഞ്ഞിരിക്കുന്നു.

ആയതിനാൽ സർവകലാശാല നേരിട്ട് നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കേരള വൈദ്യുതി ബോർഡ് സൂചിപ്പിച്ച കുടിശിക തുക വൻ സാമ്പത്തിക ബാധ്യത ഉണ്ടാക്കുകയും, സർവകലാശാലയുടെ പ്രവർത്തനങ്ങളെ പ്രതികൂല രീതിയിൽ ബാധിക്കുകയും ചെയ്യുമെന്നതു കൊണ്ട് ടി കുടിശിക ബിൽ അടവാക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും, കൂടാതെ വടകരയിലെ കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്ററിന്റെ വൈദ്യുതബന്ധ വിഛേദനം പോലുള്ള നടപടികൾ നിർത്തിവെക്കണമെന്നും ആണ് പരാതിക്കാരൻ ബഹുമാനപ്പെട്ട ഫോറത്തോട് അപേക്ഷിക്കുന്നത്.

## എതിർകക്ഷിയുടെ വിശദീകരണം :-

എതിർകക്ഷിയുടെ റിപ്പോർട്ട് പ്രകാരം പരാതിക്കാരൻ വടകര സൌത്ത് ഇലക്ട്രിക്കൽ സെക്ഷനു കീഴിലെ ഒരു ഉപഭോക്താവാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള BEd Degree Course നടത്തുന്ന ഒരു യൂണിവേഴ്സിറ്റി സെന്ററാണ് ടി പ്രിമിസ്സസിൽ പ്രവർത്തിക്കുന്നത്. കെ.എസ്.ഇ.ബി യുടെ വടകര റീജ്യണൽ ഓഡിറ്റ് ഓഫീസർ **31/07/2023** ൽ ടി

പ്രിമിസ്സസിൽ പരിശോധന നടത്തിയപ്പോൾ ടി പ്രിമിസ്സസിലെ താരീഫ് LT VI F ൽ ചെയ്യേണ്ടിയിരുന്നത് തെറ്റായിട്ട് LT VI(A) യിലാണ് ചെയ്ത് പോന്നിരുന്നത് എന്ന് കണ്ടെത്തി. ടി സെന്റർ ഒരു “Self Financing Education Institution” ആയി പ്രവർത്തിക്കുന്നതിനാൽ  താരീഫ് ഓർഡർ പ്രകാരം ടി പ്രിമിസ്സസിലെ ശരിയായ താരീഫ് LT VI F ആണെന്നും LT VI(A) താരീഫ് Government Aided Educational Institutions ന് ആണ് ബാധകം എന്നും എതിർകക്ഷി അറിയിക്കുന്നു.

LT VI(A) താരീഫിൽ ഉൾപ്പെടുത്താവുന്ന“Government Aided Educational Institutions“ ആണ് എന്നുള്ളതിന്റെ തെളിവ് ഹാജരാക്കാൻ പരാതിക്കാരന് നോട്ടീസ് നൽകിയിരുന്നു. എന്നാൽ പരാതിക്കാരൻ രേഖകളൊന്നും ഹാജരാക്കാതിരുന്നതിനാൽ **01/2016** മുതൽ **07/2023** വരെയുള്ള കാലയളവിലേക്ക് Kerala Electricity Supply Code 2014 സെക്ഷൻ **134** അനുസരിച്ച് **5,00,543/-** രൂപയുടെ ഒരു ഷോർട്ട് അസസ്സ്മെന്റ് നൽകിയിട്ടുണ്ട്. പരാതിക്കാരൻ ഷോർട്ട് അസസ്സ്മെന്റ് അടവാക്കാതിരുന്നതിനാൽ നിയമപ്രകാരം **17/12/2023**ന് വൈദ്യുതി കണക്ഷൻ ഡിസ്കണക്ട് ചെയ്യുകയും Hon’ble Minister for Electricity യുടെ നിർദ്ദേശമനുസരിച്ച് **20/12/2023**ൽ വൈദ്യുതി കണക്ഷൻ റീ കണക്ട് ചെയ്യുകയും ഉണ്ടായി.

പിന്നീട് Short assessment തുക അടവാക്കാൻ ഇൻസ്റ്റാൾമെന്റ് facility അനുവദിക്കാം എന്ന് പരാതിക്കാരനെ അറിയിച്ചെങ്കിലും ആ അവസരവും പരാതിക്കാരൻ ഉപയോഗിക്കാതിരുന്നതിനാൽ **22/06/2024** ൽ വീണ്ടും വൈദ്യുതി കണക്ഷൻ disconnect ചെയ്യുകയും higher authorities ന്റെ നിർദ്ദേശപ്രകാരം **07/07/2024**ന് വൈദ്യുതി കണക്ഷൻ reconnect ചെയ്യുകയും ഉണ്ടായി.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ വെബ്സൈറ്റിൽ ടി സെന്ററിലെ BEd Degree Course “Self financing mode”ലാണ് നടത്തപ്പെടുന്നത് എന്ന് വ്യക്തമായിട്ടുണ്ടെന്നും U.O.No.9371/2023/Admn dt. 08/06/2023 പ്രകാരം Self financing Intuition കളുടെ ഫീസ് നിരക്ക് BEd Centre റുകൾക്ക് ബാധകമാക്കിയിട്ടും ഉണ്ട്. Govt. Aided Training Institution ൻസുമായിട്ട് താരതമ്യപ്പെടുത്തുമ്പോൾ Self Financing സ്ഥാപനത്തിന്റെ അനുസരിച്ചുള്ള വളരെ ഉയർന്ന ഫീസാണ് ടി സെന്ററിൽ ഈടാക്കുന്നത്.

പരാതിക്കാരൻ ബന്ധപ്പെട്ട എല്ലാ ഉന്നത അധികാരികൾക്കും പരാതി നൽകിയിട്ടുണ്ടെങ്കിലും ഒരു അധികാരിയിൽ നിന്നും ഷോർട്ട് അസസ്സ്മെന്റ് നടത്തിയ ബില്ലിംഗ് പീരിയഡിലെ താരിഫ് LT VI F -ൽ നിന്ന് മാറ്റണമെന്ന ഒരു നിർദ്ദേശവും ലഭിച്ചിട്ടില്ല എന്നും താരീഫ് ഓർഡർ പ്രകാരം നിയമപരമായിട്ടാണ് LT VI F ൽ ഉൾപ്പെടുത്തി ഷോർട്ട് അസസ്സ്മെന്റ് നൽകിയിട്ടുള്ളതെന്നും എതിർകക്ഷി അറിയിച്ചു.

Electricity Act 2003, Kerala Electricity Supply Code 2014 എന്നിവയിലുള്ള നിയമങ്ങൾക്കനുസരിച്ചാണ് എതിർകക്ഷി പ്രവർത്തിക്കുന്നതെന്നും Kerala Electricity Supply Code 2014 Section 134 അനുസരിച്ചാണ് ഷോർട്ട് അസസ്സ്മെന്റ് നൽകിയിട്ടുള്ളതെന്നും എതിർകക്ഷി അറിയിക്കുന്നു.

Government Administered ആയിട്ടുള്ള Self Financing Institutions ന്റെ താരീഫ് **1/11/2023** മുതൽ LT VIA താരീഫിലേക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ **31/10/2023**ലെ ഉത്തരവ് പ്രകാരം മാറ്റിയിട്ടുണ്ടെന്നും, ആയതിൻ പ്രകാരം ടി സെന്ററിന്റെ ഉപഭോഗം ഇപ്പോൾ LT VIA താരീഫിലാണ് കണക്കാക്കുന്നത് എന്നും എതിർകക്ഷി അറിയിച്ചു.

കേരള ഇലക്ട്രിസിറ്റി സപ്ലൈക്കോഡ് **2014** സെക്ഷൻ **134** പ്രകാരം നിയമപരമായി എതിർകക്ഷി നൽകിയ **5,00,543/-** രൂപയുടെ ബിൽ പരാതിക്കാരൻ അടവാക്കിയില്ലെങ്കിൽ Kerala Electricity Supply Code 2014 Section 138 അനുസരിച്ച് നിയമപരമായി വൈദ്യുതി കണക്ഷൻ ഡിസ്കണക്ട് ചെയ്യേണ്ടി വരുമെന്നും എതിർകക്ഷി അറിയിച്ചു.

മുകളിൽ പറഞ്ഞ കാരണങ്ങളാൽ പരാതി തള്ളണമെന്നും, ടി ഷോർട്ട് അസസ്സ്മെന്റ് ബിൽ അടവാക്കാൻ ഉത്തരവാകണമെന്നും എതിർകക്ഷി അഭ്യർത്ഥിക്കുന്നു.

## <u>അവലോകനവും, കണ്ടെത്തലും:</u>

ഈ കേസിന്റെ വിചാരണ **13/08/2024**ന് സി.ജി.ആർ.എഫ്, കോഴിക്കോട് വെച്ച് നടന്നു. പരാതിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.

പരാതിക്കാരൻ വടകര സൌത്ത് സെക്ഷനു കീഴിൽ **1166220010254** എന്ന കൺസ്യൂമർ നമ്പറിലെ ഉപഭോക്താവാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള BEd Degree Course നടത്തുന്ന യൂണിവേഴ്സിറ്റി സെന്റർ ആണ് പ്രസ്തുത പ്രിമിസ്സസിൽ പ്രവർത്തിക്കുന്നത്. ടി പ്രിമിസ്സസിലെ വൈദ്യുതി ഉപഭോഗത്തിന് Govt. Aided Educational Institutions ന്റെ താരീഫായ LT VIA യിലുള്ള നിരക്കാണ് ഈടാക്കി വന്നിരുന്നത്.

എന്നാൽ എതിർകക്ഷിയുടെ വടകര റീജ്യണൽ ഓഡിറ്റ് ഓഫീസർ **31/07/2023**ൽ ടി പ്രിമിസ്സസിൽ നടത്തിയ ഇൻസ്പെക്ഷനിൽ അവിടെ പ്രവർത്തിക്കുന്ന B Ed സെന്റർ, ഒരു Self Financing Educational Institution ആണെന്ന് മനസ്സിലാക്കുകയും ആയതിനാൽ ടി പ്രിമിസ്സസിന്റെ ശരിയായ താരീഫ് Self Financing Educational Institution ന്റെ താരീഫായ LT VI F ആണെന്ന്

കണ്ടെത്തുകയും, കേരള ഇലക്ട്രിസിറ്റി സപ്ലൈക്കോഡ് **2014** സെക്ഷൻ **134** അനുസരിച്ച് **01/2016** മുതൽ **07/2023** വരെയുള്ള കാലയളവിലേക്ക് **5,00,543/-** രൂപയുടെ ഷോർട്ട് അസസ്സ്മെന്റ് പരാതിക്കാരന് നൽകുകയും ഉണ്ടായി.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ടി B Ed സെന്റർ മറ്റ് Private സ്ഥാപനങ്ങൾ പോലെയുള്ള " Self Financing Center " അല്ലെന്നും ആയതിനാൽ **01/2016** മുതൽ Government Aided Educational Institutions നുള്ള LT VIA താരീഫ് അനുവദിക്കണമെന്നും, Government Aided സ്ഥാപനമെന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന center എന്ന രീതിയിൽ ടി പ്രിമിസ്സസിനും ആ status നൽകി LT VIA താരീഫ് നൽകണമെന്നും പരാതിക്കാരൻ വാദിച്ചു.

ഹിയറിംഗ് സമയത്തെ മൊഴികളിൽ നിന്നും, ഹാജരാക്കപ്പെട്ട തെളിവുകളിൽ നിന്നും ഫോറം താഴെപ്പറയുന്ന കാര്യങ്ങൾ കണ്ടെത്തി.

- **01/11/2023** ന ശേഷം Government Administered ആയിട്ടുള്ള self financing institution ന്റെ താരീഫ് LT VIA യിലേക്ക് മാറ്റിയ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് നിലവിലുണ്ട്. ആയതിൻ പ്രകാരം ടി പ്രിമിസ്സസ് LT VIA താരീഫിലാണ് **01/11/2023**ന ശേഷം ബില്ല് ചെയ്യപ്പെടുന്നത്.
- **01/11/2023** ന മുൻപുള്ള കാലയളവിൽ "Self Financing Educational Institution"ന്റെ താരീഫ്, ആയത് (Private ആയാലും, Government Administered) ആയിരുന്നാലും, താരീഫ് ഓർഡർ പ്രകാരമുള്ള താരിഫ് LT VI F തന്നെയാണ്.

- ടി പ്രിമിസ്സസിലെ B Ed സെന്റർ ഒരു self financing institution ആണ് എന്ന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ വെബ്സൈറ്റിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ടെന്ന എതിർകക്ഷിയുടെ വാദത്തെ പരാതിക്കാരൻ എതിർത്തിട്ടില്ലാത്തതിനാൽ website information പ്രകാരം ടി പ്രിമിസ്സസിലെ BEd സെന്റർ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഒരു self financing institution തന്നെയാണ് എന്ന് ഫോറം കണ്ടെത്തിയിരിക്കുന്നു.
- വിദ്യാർത്ഥികളുടെ ഫീസിനത്തിൽ മാത്രം ലഭിക്കുന്ന വരുമാനത്തിൽ പ്രവർത്തിച്ചുവരുന്ന ഒരു സ്ഥാപനമാണ് ടി പ്രിമിസ്സസിൽ പ്രവർത്തിക്കുന്ന BEd സെന്റർ എന്ന് പരാതിക്കാരൻ പരാതിയിൽ വ്യക്തമാക്കിയിട്ടുള്ളതും ആയത് തന്നെയാണ് "self financing institution" ന്റെ നിർവ്വചനം എന്നും ഫോറം മനസ്സിലാക്കുന്നു.
- മുകളിൽ പറഞ്ഞ കാരണങ്ങളാൽ ടി പ്രിമിസ്സസിൽ പ്രവർത്തിക്കുന്ന BEd College ന്റെ താരിഫ് ഓർഡർ അനുസരിച്ചുള്ള ശരിയായ താരിഫ് **01/11/2023** വരെ LT VI Fതന്നെയാണെന്ന് ഫോറം കണ്ടെത്തിയിരിക്കുന്നു. ആയതിനാൽ കേരള ഇലക്ട്രിസിറ്റി സപ്ലൈക്കോഡ് **2014** സെക്ഷൻ **134(1)** അനുസരിച്ച് എതിർകക്ഷി നൽകിയ **5,00,543/-** രൂപയുടെ ഷോർട്ട് അസസ്സ്മെന്റ് ബിൽ നിയമപ്രകാരം ഉള്ളതാണെന്നും, ആയത് പരാതിക്കാരൻ അടവാക്കേണ്ടതാണെന്നും ഫോറം കണ്ടെത്തിയിരിക്കുന്നു.

## <u>തീരുമാനം:</u>

- പരാതി തള്ളി തീർപ്പാക്കിയിരിക്കുന്നു.

മേൽ പറഞ്ഞ തീരുമാന പ്രകാരം ഫോറം പരാതി തള്ളി തീർപ്പാക്കി ഉത്തരവാക്കുന്നു.

രണ്ടായിരത്തി ഇരുപത്തിനാലാമാണ്ട്  ആഗസ്ത് മാസം *30* തിയ്യതി.

*Sd/-* *Sd/-*

**സാജമ്മ.ജെ.പുന്നൂർ** **ഫ്രാൻസിസ് .എ.സി**

**ചെയർപേഴ്സൺ** **മെമ്പർ**

*Endt.on CGRF-NR/OP* **32/2024-25/*199*** ***30*/08/2024**

**അയയ്ക്കുന്നത്:**

| | |
|---|---|
| **1** ശ്രീ. ജയൻ പാടശേരി,<br>യൂണിവേഴ്സിറ്റി എഞ്ചിനീയർ,<br>എൻഞ്ചി.ഡിപ്പാർട്ട്മെന്റ്,<br>യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്,<br>കാലിക്കറ്റ് യൂണിവേഴ്സിറ്റി – പി.ഒ,<br>മലപ്പുറം – 673 635. | ഫോറത്തിന്റെ **മേൽ** ഉത്തരവിൽ സംതൃപ്തനാവാത്ത പക്ഷം പരാതിക്കാരന് / പരാതിക്കാരിയ്ക്ക് ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ, ഡി.എച്ച് റോഡ്, ഓഫ്ഷോർ റോഡ് ജംഗ്ഷൻ, ഗാന്ധി സ്ക്വയറിന് സമീപം എറണാകുളം, കേരള-682016 (ഫോൺ 0484 2346488). |

2. **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ**
**ഇലക്ട്രിക്കൽ സബ് ഡിവിഷൻ,**
**കെ.എസ്.ഇ.ബി ലി, വടകര നോർത്ത്, കോഴിക്കോട്**

കോപ്പി സമർപ്പിക്കുന്നത് :

**ചീഫ് എഞ്ചിനീയർ (ഡിസ്ട്രിബ്യൂഷൻ - നോർത്ത് ), കോഴിക്കോട്.** .

കോപ്പി സമർപ്പിക്കുന്നത് :

1. **സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്,**
   **വൈദ്യുതിഭവനം,തിരുവനന്തപുരം.**
2. **ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ,**
   **ഇലക്ട്രിക്കൽ സർക്കിൾ,** വടകര,
   **കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്.**
3. **എക്സിക്യൂട്ടീവ് എഞ്ചിനീയർ,**
   **ഇലക്ട്രിക്കൽ ഡിവിഷൻ, വടകര**
   **കെ.എസ്.ഇ.ബി ലിമിറ്റഡ്, കോഴിക്കോട്.**
4. **അസിസ്റ്റന്റ് എഞ്ചിനീയർ**
   **ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി**
   **ലിമിറ്റഡ്, വടകര സൌത്ത്,കോഴിക്കോട്.**

Forwarded

Sd/-

**Chairperson**